MALAYALA MANORAMA - 30-04-2025

# എപിക്യൂർ ഇന്നവേറ്റീവ് എൽഎൽപി മികച്ച ഫിഷറീസ് സ്റ്റാർട്ടപ്

കൊച്ചി ● മുംബൈയിൽ നടന്ന കോസ്റ്റൽ സ്റ്റേറ്റ്സ് ഫിഷറീസ് മീറ്റിൽ 'സിഫ്റ്റി'ലെ അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്ററിൽ നിന്നുള്ള സംരംഭമായ എപിക്യൂർ ഇന്നവേറ്റീവ് എൽഎൽപിയെ മികച്ച ഫിഷറീസ് സ്റ്റാർട്ട് അപ്പായി തിരഞ്ഞെടുത്തു.

സിഫ്റ്റിന്റെ സാങ്കേതിക മാർഗനിർദേശത്തിൽ രാജ്യത്തെ ആദ്യത്തെ വാക്വം സ്കിൻ പാക്കേജിങ് സാങ്കേതികവിദ്യ അവതരിപ്പിച്ച സ്ഥാപനമാണ്

എപിക്യൂർ ശുചിത്വ നിലവാരമുള്ള 'റെഡി ടു കുക്ക്' സമുദ്ര വിഭവങ്ങൾ ദേശീയ, രാജ്യാന്തര വിപണികളിൽ എത്തിക്കുന്നുണ്ട്. അണുവിമുക്ത പാക്കേജിങ്, ദീർഘകാല സംഭരണശേഷി, രാസവസ്തുക്കളുടെ അസാന്നിധ്യം തുടങ്ങി പ്രത്യേകതകളാണ് അവകാശപ്പെടുന്നത്. സ്വിഗ്ഗി ഇൻസ്റ്റമാർട്ട്, ബ്ലിങ്കിറ്റ് തുടങ്ങി പ്ലാറ്റ്ഫോമുകളിൽ ഉൽപന്നങ്ങൾ ലഭ്യമാണ്.

എല്ലാ തീര സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും മീറ്റിൽ പങ്കെടുത്തിരുന്നു.

കേന്ദ്രമന്ത്രിമാരായ രാജീവ് രഞ്ജൻ സിങ്, ജോർജ് കുര്യൻ എന്നിവർ പങ്കെടുത്ത പരിപാടിയിൽ 7 തീര സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി നടപ്പാക്കാനുള്ള 255 കോടി രൂപയുടെ പദ്ധതികൾക്കു തുടക്കമിട്ടു.